**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 639** **28-06-2022 - ൽ മറുപടിയ്ക്ക്**

**മലബാർ മേഖലയിലെ കയർ വ്യവസായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | മലബാർ മേഖലയിലെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കുന്നത്; പുതിയ പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (എ) | മലബാർ മേഖലയിലെ കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിന് മലബാർ പാക്കേജ് പദ്ധതി നടപ്പിലാക്കിയിരുന്നു. കൂടാതെ നിലവിൽ കയർ തൊഴിലാളികൾക്കായി വരുമാനം ഉറപ്പാക്കൽ പദ്ധതി, കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അടിസ്ഥാന സൗകര്യ വികസന പദ്ധതി, സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള ചകിരി മില്ലുകൾക്കായി ഇൻവെസ്റ്റ്മെന്റ് സബ്സിഡി സ്കീം, കയർ ഭൂവസ്ത്ര പദ്ധതി എന്നിവ നടപ്പാക്കി വരുന്നു. തൊണ്ട് ലഭ്യത കൂടുതലായതിനാൽ ഉയർന്ന ഉൽപ്പാദന ശേഷിയുള്ള 50 ഡീ-ഫൈബറിംഗ് മില്ലുകൾ മലബാർ മേഖലയിൽ സ്ഥാപിച്ചിട്ടുണ്ട്. സ്വകാര്യ സംരംഭകർക്ക് സബ്സിഡി നൽകി ഈ മേഖലയിലേക്ക് കൊണ്ടുവരാനുള്ള നടപടികൾ വിജയകരമായിട്ടുണ്ട്. നിലവിൽ പുതിയ പദ്ധതികൾ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ